**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1230** **05-03-2020 ൽ മറുപടിക്ക്**

**കരുനാഗപ്പള്ളി വില്ലേജിൽ ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം കൈമാറ്റം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ആർ. രാമചന്ദ്രൻ | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | കരുനാഗപ്പള്ളി വില്ലേജിൽ ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം കോടതി സമുച്ചയം നിർമ്മിക്കുന്നതിനുവേണ്ടി ആഭ്യന്തര വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | കരുനാഗപ്പള്ളി വില്ലേജിൽ ജലവിഭവ വകുപ്പിന്റെ അധീനതയിൽ ഉള്ള സ്ഥലം കോടതി സമുച്ചയം നിർമ്മിക്കുന്നതിന് വേണ്ടി ആഭ്യന്തര വകുപ്പ് ആവശ്യപ്പെട്ടിട്ടില്ല. ടി വില്ലേജിൽപ്പെട്ട ബ്ലോക്ക് നം. 10-ൽ റീസർവ്വെ നം. 584/4 ൽപ്പെട്ട 59.45 ആർസ് സ്ഥലം കോടതി സമുച്ചയം നിർമ്മിക്കുന്നതിന് കൈമാറുന്നതിന് ജില്ലാ ജഡ്ജി റിക്വിസിഷൻ നൽകിയിട്ടുള്ളതാണ്. |
| (ബി) | ഈ സ്ഥലം അളന്ന് തിട്ടപ്പെടുത്തി കോടതി സമുച്ചയം നിർമ്മിക്കുന്നതിന് വേണ്ടി കൈമാറുന്നതിന് എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചത് എന്ന് വിശദീകരിക്കുമോ? | (ബി) | ജില്ലാ ജഡ്ജി ഹാജരാക്കിയ റിക്വിസിഷന്റെ അടിസ്ഥാനത്തിൽ കരുനാഗപ്പള്ളി തഹസിൽദാർ ഭൂമി കൈമാറ്റ റിക്കാർഡുകൾ തയ്യാറാക്കി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ ജലവിഭവ വകുപ്പിന്റെ NOC (നിരാക്ഷേപപത്രം) ലഭിച്ചിട്ടില്ലാത്തതിനാൽ ആയത് ലഭ്യമാക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ജലവിഭവ വകുപ്പിൽ നിന്നും എൻ.ഒ.സി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ സ്ഥലം കൈമാറുന്ന കാര്യം പരിശോധിക്കാനാകുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**